## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3073** **19.06.2018 ൽ മറുപടിയ്ക്ക്**

## കേരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേര കർഷകരെ സംരക്ഷിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ ഏതൊക്കെയാണെന്നറിയിക്കാമോ; | എ) 2018-19 സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 5000 ലക്ഷം രൂപ വകയിരുത്തികൊണ്ട് ചുവടെ ചേർത്തിരിക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുവാനാണ് നടപടികൾ സ്വീകരിച്ചിരിക്കുന്നത്.<br>1) നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു.2018-19 വർഷം പുതുതായി 79 കേരഗ്രാമങ്ങൾ തിരഞ്ഞെടുത്ത് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>2) അത്യുല്പാദന ശേഷിയുള്ള ഇടത്തരം പൊക്കമുള്ള തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതി 2017-18 വർഷം നടപ്പിലാക്കുകയുണ്ടായി. 2018-19 വർഷവും ടി പദ്ധതി തുടരുന്നതാണ്.<br>3) ഗുണമേന്മയേറിയ കുറിയ ഇനം/ സങ്കരയിനം/ ഇടത്തരം പൊക്കമുള്ള (semitall) തെങ്ങിൻ തൈകളുടെ ഉല്പാദനം, ഹൈബ്രിഡൈസേഷൻ, കീടരോഗ നിയന്ത്രണം തുടങ്ങിയ മേഖലകളിൽ |

കേന്ദ്ര ഗവേഷണ സ്ഥാപനമായ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള മൂന്നു വർഷ പ്രോജക്ടുകൾക്ക് കൃഷി വകുപ്പ് 2017-18 -ൽ തുടക്കം കുറിച്ചിട്ടുണ്ട്.

4) തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാംമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനായി 2017-18 വർഷം ആരംഭിച്ച പദ്ധതി 2018-19 വർഷവും തുടരുന്നതാണ്.

5) നാളികേര മേഖലയുടെ സർവ്വോന്മുഖമായ ഉന്നമനത്തിനായി 10 വർഷത്തെ ഒരു വികസന കാഴ്ചപ്പാടോടു കൂടി "കേരള കോക്കനട്ട് മിഷൻ" രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ SCPSC/TSP മേഖലകളിൽ തെങ്ങു പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും, പ്രായാധിക്യവും, കീടരോഗ ബാധമൂലവും ഉല്പാദന ക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടുന്നതിനും ബാക്കി നില നിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടിയുള്ള നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | കേരഗ്രാമം പദ്ധതി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രദേശത്താണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | ബി) & സി) | 2018-19 വർഷം പുതുതായി 79 കേരഗ്രാമം തിരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. കേരഗ്രാമങ്ങളുടെ പട്ടിക തയ്യാറാക്കൽ അന്തിമമായിട്ടില്ല. |
| സി) | ബാലുശ്ശേരി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | |

Mayol

**സെക്ഷൻ ഓഫീസർ**